എ2-248/2019

**സ്പെഷ്യൽ തഹസിൽദാർ കാര്യാലയം**
നമ്പർ.2, കൊച്ചി മെട്രോ റെയിൽ പ്രോജക്ട്
സിവിൽ സ്റ്റേഷൻ, കാക്കനാട്
ഫോൺ: 0484 2421482
ഇ-മെയിൽ: specialtahsildarla2kmrp@gmail.com
തീയതി: 25.06.2021

പ്രേക്ഷിതൻ

സ്പെഷ്യൽ തഹസിൽദാർ (എൽ.എ) നമ്പർ.2
കൊച്ചി മെട്രോ റെയിൽ പ്രോജക്ട്
സിവിൽ സ്റ്റേഷൻ, കാക്കനാട്

സ്വീകർത്താവ്

ജില്ലാ ഇൻഫർമേഷൻ ഓഫീസർ
എറണാകുളം

സർ,

**വിഷയം:** വാട്ടർ മെട്രോ - 14 ബോട്ട് ജെട്ടികൾക്ക് വേണ്ടിയുള്ള - സ്ഥലമെടുപ്പ് - ആർ.ആർ പാക്കേജ് അംഗീകരിച്ചത് - പരസ്യപ്പെടുത്തുന്നത് - സംബന്ധിച്ച്

**സൂചന:** ലാൻറ് റവന്യൂ കമ്മീഷണറുടെ എൽ.ആർ.സി4-25/2021 നമ്പർ നടപടിക്രമം തീയതി 18.06.2021

*********

ഇതോടൊപ്പമുള്ള ലാൻറ് റവന്യൂ കമ്മീഷണറുടെ നടപടിക്രമത്തിൻെറ പകർപ്പ് ഗവണ്മെൻറ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് ഒരു സാക്ഷ്യപത്രം നൽകണമെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ

**സ്പെഷ്യൽ തഹസിൽദാർ (എൽ.എ) നമ്പർ.2**
*കൊച്ചി മെട്രോ റെയിൽ പ്രോജക്ട്*

ഭരണഭാഷ - മാതൃഭാഷ

ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം
(പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)
(ഹാജർ:കെ.ബിജു ഐ എ എസ്)

---

നം.എൽ.ആർ.സി4-25/2021 തീയതി:18.06.2021.

---

വിഷയം : എറണാകുളം ജില്ല - കൊച്ചി മെട്രോ റെയിൽ - വാട്ടർ മെട്രോ - ആർ&ആർ പാക്കേജ് അംഗീകരിക്കുന്നത് - സംബന്ധിച്ച്

സൂചന : എറണാകുളം ജില്ലാ കളക്ടറുടെ 22.12.2020, 04.03.2021, 05.06.2021 തീയതികളിലെ സി11-388/17 നമ്പർ റിപ്പോർട്ടുകൾ.

****

എറണാകുളം ജില്ലയിൽ വാട്ടർ മെട്രോ പദ്ധതിയുടെ ഭാഗമായി കണയന്നൂർ, കൊച്ചി, പറവൂർ താലൂക്കുകളിൽ ബോട്ട് ടെർമിനലുകളുടെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഭരണാനുമതി 04.09.2019 ലെ ജി.ഒ(ആർ.റ്റി) 2481/2019/ആർ.ഡി ജി.ഒ(ആർ.റ്റി)750/2020/ആർഡി തീയതി 19.02.2020 പ്രകാരം ഉത്തരവായിട്ടുള്ളതും 11(1) വിജ്ഞാപനം 22.06.2020-ലെ 1533-ാം നമ്പർ അസാധാരണ ഗസറ്റിലും, 07.10.2020-ലെ കേരളകൗമുദി ദിനപത്രത്തിലും മംഗളം ദിനപത്രത്തിലും പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. ടി അക്വിസിഷനെ സംബന്ധിച്ച സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയിട്ടുള്ളതാണ്. എൽ.എ.ആർ.ആർ.ആക്ട് സെക്ഷൻ 43 (1) പ്രകാരം ജി.ഒ(പി)590/15/ആർ.ഡി ഉത്തരവ് പ്രകാരം എൽ.എ.ഡെപ്യൂട്ടി കളക്ടറെ അതാത് ജില്ലയിലെ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിച്ചിട്ടുള്ളതാണ്. ജി.ഒ(എം.എസ്)448/17/ ആർ.ഡി. തീയതി 29.12.2017 പ്രകാരമാണ് പാക്കേജ് തയ്യാറാക്കിയിട്ടുള്ളത്. ഇപ്രകാരം അഡ്മിനിസ്ട്രേറ്റർ തയ്യാറാക്കിയ പുനരധിവാസ പാക്കേജ് 11.11.2020 -ലെ കേരള കൗമുദി ദിനപത്രത്തിലും കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസറുടെ കാര്യാലയം, കണയന്നൂർ, കൊച്ചി, പറവൂർ താലൂക്ക് കാര്യാലയങ്ങളിലും, പൊന്നുംവില തഹസീൽദാരുടെ കാര്യാലയം, ബന്ധപ്പെട്ട വില്ലേജാഫീസുകൾ, കൊച്ചി കോർപ്പറേഷൻ കാര്യാലയം എന്നിവയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. തുടർന്ന് പൊതു വിചാരണ 27.11.2020 -ന് കടമക്കുടി വില്ലേജാഫീസിൽ വച്ചും 30.11.2020 -ന് കെ.എം.ആർ.എൽ ഓഫീസിൽ വച്ചും നടത്തിയിട്ടുള്ളതാണ്. തുടർന്ന് പ്രസ്തുത പാക്കേജ് ലാൻഡ് റവന്യൂ കമ്മീഷണറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. എൽ.എ.ആർ.ആർ ആക്ട് സെക്ഷൻ 44 പ്രകാരം 01.11.2015 -ലെ ജി.ഒ(പി)589/15/ ആർഡി നമ്പർ ഉത്തരവ് പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള പാക്കേജ് അംഗീകരിക്കുന്നതിനുള്ള കമ്മീഷണറായി ലാൻഡ് റവന്യൂകമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

ജില്ലാ കളക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ച പാക്കേജിന്റെ വിവരങ്ങ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാധിക്കപ്പെട്ട വ്യക്തിയുടെ പേര് | പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള ആനുകൂല്യങ്ങൾ ജി.ഒ (എം.എസ്) 448/17/ആർഡി തീയതി 29.12.2017 പ്രകാരമുള്ള ഘടകങ്ങൾ | തുക | ആകെ |
|---|---|---|---|---|
| 1. | പരേതനായ ജോർജ്ജ് മകൻ ശ്രീ.ബെന്നി, കല്ലുവീട്ടിൽ, കടമക്കുടി.പി.ഒ. | 1, 4, 5, 6, 10 | 9,60,000 | 9,60,000 |
| 2. | ശ്രീ.ബേബി ജോസഫ് തൈപ്പറമ്പിൽ വീട്, മാർക്കറ്റ് റോഡ്, ചമ്പക്കര | 14(1)<br>14(2) | 30,000<br>3,66,003 | 3,96,003 |
| 3. | ശ്രീമതി.പ്രസ്റ്റീന ഫ്രാൻസിസ് കപ്പാട്ടിശ്ശേരി വീട്, മാർക്കറ്റ് റോഡ്, ചമ്പക്കര | 14(1)<br>14(2) | 30,000<br>97,211 | 1,27,211 |
| 4. | ശ്രീ.അനിൽകുമാർ.കെ.ബി, കരേപ്പറമ്പ് വീട്, മാർക്കറ്റ് റോഡ്, ചമ്പക്കര | 14(1)<br>14(2) | 30,000<br>2,35,559 | 2,65,559 |
| 5. | ശ്രീ.സിദ്ധാർത്ഥൻ.കെ.സി കരേപറമ്പ് വീട്, മാർക്കറ്റ് റോഡ്, ചമ്പക്കര. | 14(1)<br>14(2) | 30,000<br>2,35,559 | 2,65,559 |
| | ആകെ | | | 20,14,332 |

(ഇരുപത് ലക്ഷത്തി പതിനാലായിരത്തി മുന്നൂറ്റി മുപ്പത്തി രണ്ട് രൂപ മാത്രം)

ജില്ലാ കളക്ടർ സമർപ്പിച്ച പാക്കേജ് വിശദമായി പരിശോധിച്ചു. ആയതിൽ 2013 -ലെ പൊന്നുംവില ചട്ടം 21 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുള്ളതായി കാണുന്നു. പൊതു ആവശ്യത്തിനായി ഭൂമി വിട്ട് നൽകിയവർക്ക് പുനരധിവാസ പാക്കേജ് നൽകേണ്ടതുണ്ട്. ആയതിനാൽ ജില്ലാ കളക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ച പാക്കേജ് അംഗീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

പുനരധിവാസ പാക്കേജിനെ സംബന്ധിച്ച തുടർ നടപടികൾ ഡ്മിനിസ്റ്റേറ്റർ കൈക്കൊള്ളേണ്ടതും നടപടി വിവരം ഈ കാര്യാലയത്തിൽ റിയിക്കേണ്ടതുമാണ്.

എൽ.എ ആർ ആർ ആക്ട് 2013 സെക്ഷൻ 18, ചട്ടം 21(6) പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അംഗീകരിക്കപ്പെട്ട സ്കീം ഏതെങ്കിലും മലയാളം പത്രത്തിലും, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കാർപ്പറേഷനുകളിലും ജില്ലാ കളക്ടർ, സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, തഹസീൽദാർ എന്നിവരുടെ ഓഫീസുകളിലും പ്രാദേശിക ഭാഷയിൽ ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
കമ്മീഷണർ.

പകർപ്പ് :
ജില്ലാ കളക്ടർ,
എറണാകുളം.

ഉത്തരവിൻപ്രകാരം,

സൂപ്രണ്ട്.